# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3544 — 30/01/2014ലെ മറുപടിക്ക്

**പി.എസ്.സി. മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം ഉണ്ടാകുന്ന സംവരണ നഷ്ടം**

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ.പി.റ്റി.എ.റഹീം | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പബ്ലീക് സർവ്വീസ് കമ്മീഷന്റെ ചട്ടങ്ങളിൽ മെയിൻ ലിസ്റ്റ് എന്ന ഒരു പരാമർശമുണ്ടോ; | (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസ് മാന്വലിൽ മെയിൻ ലിസ്റ്റ്, സപ്ലിമെന്ററി ലിസ്റ്റ് എന്നിങ്ങനെയുള്ള പരാമർശം para 322 ൽ ഉണ്ട്. |
| (ബി) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തതു പോലെ മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. മെയിൻ ലിസ്റ്റായി പ്രസിദ്ധീകരിക്കുന്നത് മെറിറ്റ് ലിസ്റ്റാണ്. |
| (സി) മെയിൻ ലിസ്റ്റും മെരിറ്റ് ലിസ്റ്റും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് വിശദമാക്കുമോ ; | (സി) പി.എസ്.സി.യുടെ വിവക്ഷയിൽ രണ്ടും ഒന്നുതന്നെയാണ്. |
| (ഡി) മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം പിന്നോക്ക വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണ നഷ്ടം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ